# <u>കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം</u>

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/12064/1990 തീയതി:04-07-2018

വിഷയം:-വ്യവസായം- ഡി.പി പൂവൻതുരുത്ത് - മെ. ഇമ്മാനുവൽ എഞ്ചിനീയറിംഗ് വർക്ക്സ് - മെ. റോബോക്ലീൻ ഫാബ്രിക്കേഷൻസ് എന്ന പേരിൽ കൈമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ. ഉ ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.
2) സ.ഉ (MS) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.
3) സ.ഉ (MS) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013
4) സ.ഉ (MS) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.
5) ഈ ഓഫീസിലെ 17-11-94 ലെ ബി1/12064/90 -ാം നമ്പർ നടപടിക്രമം.
6) ഈ ഓഫീസിലെ 03-02-95 ലെ ബി1/12064/90 -ാം നമ്പർ നടപടിക്രമം.
7) വ്യവസായ വാണിജ്യ ഡയറക്ടറുടെ 13-06-14 ലെ ഐ. ഡി2/6175/14-ാം നമ്പർ കത്ത്.
8) ഈ ഓഫീസിലെ 31-07-14 ലെ ഇതേ നമ്പർ നടപടിക്രമം.
9) മെ. ഇമ്മാനുവേൽ എഞ്ചിനീയറിംഗ് വർക്ക്സ്, 02-08-17 ൽ സമർപ്പിച്ച അപേക്ഷ.
10) 17-03-2018 ലെ DILAC യോഗത്തിന്റെ മിനിറ്റ്സ്.
11) സ.ഉ (Rt.) നമ്പർ: 732/2017/വ്യവ. തീയതി 24-05-2017
12) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/2013-ാം നമ്പർ സർക്കുലർ.
13) ഈ ഓഫീസിലെ 11-06-18 ലെ ഇതേ നമ്പർ കത്ത്.

കോട്ടയം ജില്ലയിലെ പനച്ചിക്കാട് വില്ലേജിലെ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 472/1 ൽ പെട്ട 5.2 സെന്റ് സ്ഥലം മെ.നവീൻ റബ്ബർ പ്രോഡക്ട്സ് എന്ന പേരിൽ റബ്ബർ വേസ്റ്റ് പൊടിക്കുന്നതിനായി ശ്രീമതി മോളമ്മ കുര്യാക്കോസ്, കളക്കാട്ട് വീട്, കുറിച്ചി പി.ഒ എന്നയാൾക്ക് സൂചന 5 പ്രകാരം അനുവദിച്ചു നൽകിയിരുന്നു. സൂചന 6 പ്രകാരം യൂണിറ്റിന്റെ പേര് മെ. ഷാരോൺ എഞ്ചിനീയറിംഗ് വർക്ക്സ് എന്നും പ്രവർത്തനം റബ്ബർ റോളേഴ്സ് പൾവറൈസേഴ്സ് എന്നിവയുടെ ഉല്പാദനവുമാക്കി മാറ്റി അനുവദിച്ച് നൽകിയിരുന്നു. സൂചന 7 ലെ നിർദ്ദേശ പ്രകാരം സൂചന 8 മുഖേന യൂണിറ്റിന്റെ ഉടമസ്ഥത ശ്രീ. എൻ.സി.എബി നെടുവോപ്പിൽ, നീലംപേരൂർ എന്ന വ്യക്തിയെ കൂടി ഉൾപ്പെടുത്തി പങ്കാളിത്ത വ്യവസ്ഥയിലേക്കും സ്ഥാപനത്തിന്റെ പേര് മെ. ഇമ്മാനുവേൽ എഞ്ചിനീയറിംഗ് വർക്ക്സ് എന്നും മാറ്റി ഉത്തരവായിരുന്നു.

യൂണിറ്റുടമകൾ 02-08-17 ൽ ഈ ഓഫീസിൽ സമർപ്പിച്ച അപേക്ഷ പ്രകാരം, ആരോഗ്യപരമായ കാരണങ്ങളാലും സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലവും യൂണിറ്റിന്റെ പ്രവർത്തനം തുടർന്നുകൊണ്ടുപോകുവാൻ സാധിക്കാത്തതിനാൽ <u>നിലവിലുള്ള</u> ലാൻഡ് അലോട്ട്മെന്റ് വ്യവസ്ഥകൾ പ്രകാരം ടി യൂണിറ്റും സ്ഥലവും ശ്രീ.ജയിംസ് സിറിയക്, പന്നിവേലിൽ, മുട്ടമ്പലം എന്ന സംരംഭകന്

കൈമാറി നൽകുന്നതിന് അപേക്ഷിച്ചിരുന്നു. സ്ഥാപനത്തിന് മറ്റ് ബാദ്ധ്യതകൾ ഇല്ല എന്ന് സത്യവാങ്മൂലവും ടി സ്ഥാപനവും സ്ഥലവും കൈമാറ്റം ചെയ്തു കിട്ടിയാൽ മെ. റോബോക്ലീൻ ഫാബ്രിക്കേഷൻസ് എന്ന പേരിൽ ഫാബ്രിക്കേഷൻ വർക്കുകൾ ചെയ്യുന്നതാണെന്നും ശ്രീ.ജയിംസ് സിറിയക് സമ്മതപത്രവും MOU ഉം നൽകിയിട്ടുണ്ട്. അപേക്ഷ 17-03-18 ലെ DILAC യിൽ പരിഗണിച്ച് വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. സൂചന (12) ലെ സർക്കുലർ പ്രകാരം ഡി.എ/ഡി.പി കളിൽ അസൈൻമെന്റ് ലഭിച്ചിട്ടില്ലാത്ത സംരംഭങ്ങളുടെ പേര്/ഘടന/ആക്ടിവിറ്റി/കൈമാറ്റം എന്നിവ അനുവദിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

മെ. ഇമ്മാനുവേൽ എഞ്ചിനീയറിംഗ് വർക്ക്സ് - ന്റെ പേരിലുള്ള 5.2 സെന്റ് സ്ഥലത്തിന്റെ 01-04-18 ലെ നിരക്കനുസരിച്ച് സ്ഥലവില വ്യത്യാസമായ 5013/- രൂപ സർക്കാരിലേക്ക് അടച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി മോളമ്മ കുര്യാക്കോസിന്റെ പേരിൽ അനുവദിച്ചതും നിലവിൽ ശ്രീമതി മോളമ്മ കുര്യാക്കോസിന്റെയും ശ്രീ.എബി എൻ.സി യുടേയും പങ്കാളിത്ത ഉടമസ്ഥതയിൽ ഉള്ളതുമായ 5.2 സെന്റ് സ്ഥലവും യൂണിറ്റും ശ്രീ.ജയിംസ് സിറിയക്, പന്നിവേലിൽ, മുട്ടമ്പലം എന്ന സംരംഭകന്റെ പേരിലേക്ക് കൈമാറി താഴെ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

കോട്ടയം ജില്ലയിൽ, പനച്ചിക്കാട് വില്ലേജിൽ, പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 472/1 ൽ പെട്ട 5.2 സെന്റ് സ്ഥലവും പ്രസ്തുത സ്ഥലത്ത് പ്രവർത്തിക്കുന്ന മെ. ഇമ്മാനുവേൽ എഞ്ചിനീയറിംഗ് വർക്ക്സ് എന്ന യൂണിറ്റും ശ്രീ.ജയിംസ് സിറിയക്, പന്നിവേലിൽ, മുട്ടമ്പലം എന്ന സംരംഭകന് ഫാബ്രിക്കേഷൻ വർക്കുകൾ ചെയ്യുന്നതിനായി മെ. റോബോക്ലീൻ ഫാബ്രിക്കേഷൻസ് എന്ന പേരിൽ താഴെ പറയുന്ന വ്യവസ്ഥകളോടെ കൈമാറ്റം ചെയ്ത് ഉത്തരവാകുന്നു.

1) ശ്രീ.ജയിംസ് സിറിയക് സൂചനയിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാരുമായി ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഉടമ്പടി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
2) ഉത്തരവു തീയതി മുതൽ 6 മാസത്തിനകം പ്രവർത്തനം ആരംഭിക്കേണ്ടതും പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
3) സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും പരിശോധന സമയത്ത് ഹാജരാക്കേണ്ടതുമാണ്.
4) ഉത്തരവ് തീയതി മുതൽ അടുത്ത 5 വർഷത്തിനുള്ളിൽ സ്ഥാപനത്തിന്റെ ആക്ടിവിറ്റി/കൈമാറ്റം/മാനേജ്മെന്റ് മാറ്റം എന്നിവയ്ക്ക് അപേക്ഷിക്കുന്നതല്ല എന്ന സത്യവാങ്മൂലം ശ്രീ.ജയിംസ് സിറിയക് സമർപ്പിക്കേണ്ടതാണ്.
5) സ്ഥലവിലയുടെ 10% തുക പ്രൊസസിംഗ് ഫീസ് അടയ്ക്കേണ്ടതാണ്.

6) എഗ്രിമെന്റ് , സത്യവാങ്മൂലം എന്നിവ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഈ ആഫീസിലെ ഡി.എ/ഡി.പി കളിലെ അലോട്ട്മെന്റ് രജിസ്റ്ററിൽ ഇപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തിയിരിക്കുന്നു.

ഒപ്പ്/-
**ജനറൽ മാനേജർ**

സ്വീകർത്താവ്:-

1) ശ്രീ.ജയിംസ് സിറിയക്, പന്നിവേലിൽ, മുട്ടമ്പലം
2) ശ്രീമതി മോളമ്മ കുര്യാക്കോസ്, കളക്കാട്ട് വീട്, കുറിച്ചി പി.ഒ
3) ശ്രീ. എൻ.സി.എബി നെടുവോപ്പിൽ, നീലംപേരൂർ

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്
5) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II
6) സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻ പ്രകാരം**

**മാനേജർ (ക്രഡിറ്റ്)**

APR 05-07-18